# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 04-07-2012

## പകരം അധ്യാപരെ നിയമിച്ചില്ലെങ്കിൽ അധ്യാപക പരിശീലനം ബഹിഷ്ക്കരിക്കും

**കെ.എസ്.ടി.എ**

പത്തുദിവസം നീുനിൽക്കുന്ന അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്കു പകരം സ്കൂളിൽ പഠിപ്പിക്കാൻ അധ്യാപകരെ നിയമിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. വെക്കേഷൻ കാലത്ത് പരിശീലനം മാറ്റിവയ്ക്കുകയും ക്ലാസുകൾ നടക്കുമ്പോൾ അധ്യാപക പരിശീലനത്തിന് തീരുമാനിക്കുകയും ചെയ്തത് പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും. പത്തുദിവസം അധ്യാപകർ സ്കൂളിൽ നിന്നും മാറി നിന്നാൽ കുട്ടികളെ ആരുപഠിപ്പിക്കും? പകരം സംവിധാനമില്ലാതെ പരിശീലനം നടത്താൻ തീരുമാനിച്ചത് പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം അവതാളത്തിലാക്കാൻ വേിയാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിനെതിരായ നടപടിയാണിത്. പാഠ്യപദ്ധതിയും പഠനപ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത പരിശീലനമാണിത്. എല്ലാവിഭാഗം അധ്യാപകരെയും ഒരുമിച്ചിരുത്തി നടത്തുന്ന ഈ പരിശീലനം അധ്യാപകർക്ക് യാതൊരു ഗുണവും ചെയ്യുന്നതല്ല. പത്തുവർഷങ്ങൾക്കുമുൻപ് അധ്യാപകർക്ക് കിട്ടിയിരുന്ന പരിശീലനത്തേക്കാൾ നിലവാരമില്ലാത്തതാണ് ഇപ്പോൾ നടത്താൻ തീരുമാനിച്ചിരിക്കുന്ന പരിശീലനം. ആയിരം പരിശീലകരും പതിനായിരം അധ്യാപകരുംവീതം ഒരു വർഷം നീുനിൽക്കുന്ന ഈ പരിശീലനം അധ്യായനവർഷം മുഴുവൻ പഠനപ്രവർത്തനങ്ങളെ താളംതെറ്റിക്കും. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന ഇത്തരം ഒരുനടപടിയേയും കെ.എസ്.ടി.എ അംഗീകരിക്കില്ല. പരിശീലനത്തിനു പോകുന്ന അധ്യാപകർക്കു പകരം സ്കൂളിൽ പഠിപ്പിക്കാൻ അധ്യാപകരെ നിയമിച്ചില്ലെങ്കിൽ പരിശീലനം ബഹിഷ്ക്കരിക്കുമെന്ന് കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ അറിയിച്ചു.

**എം.ഷാജഹാൻ**

ജനറൽ സെക്രട്ടറി